**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1746. 12-06-2019-ലെ മറുപടിക്ക്.

**അസാപ്പിന്റെ പ്രവർത്തനങ്ങൾ**

ചോദ്യം | ഉത്തരം

ശ്രീ. പി.സി. ജോർജ്

ഡോ. കെ.ടി. ജലീൽ
ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അസാപ്പിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) | അക്കാദമിക പഠനത്തോടൊപ്പം സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെയും ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും വിദ്യാർത്ഥികളിൽ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുവാനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്). 2012-ൽ തുടങ്ങിയ പദ്ധതിയിൽ നിലവിൽ 1116 ഹയർ സെക്കന്ററി സ്കൂളുകളിലെയും ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി വരുന്നുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിലെ ബിരുദ വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യ ശേഷി വർദ്ധിപ്പിക്കുവാനായി നൂതന സാങ്കേതിക മേഖലകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മെഷീൻ ലേർണിംഗിൽ കോഴ്സ് പരിശീലനം തുടങ്ങിയിട്ടുണ്ട്.<br><br>എഞ്ചിനീയറിംഗ് കോളേജുകളിലെ ബിരുദ വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ് കാര്യക്ഷമമായി നടപ്പിലാക്കാൻ ഇന്റേൺഷിപ്പ് പോർട്ടൽ അസാപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.<br><br>അസാപ്പിന്റെ നേതൃത്വത്തിൽ വ്യത്യസ്ത മേഖലകളിൽ അന്താരാഷ്ട്ര നിലവാരമുള്ള നൈപുണ്യ പരിശീലനം ലഭ്യമാക്കുന്നതിന് ബൃഹത്തായ നൈപുണ്യ പരിശീലന സമുച്ചയങ്ങൾ, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്ന പേരിൽ ഇതിനകം തന്നെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒന്നാം ഘട്ടമായി സ്ഥാപിക്കപ്പെടുന്ന 9 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ പ്രവർത്തനം ഇതിനകം ആരംഭിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിൽ അസാപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളും പ്രോഗ്രാമുകളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിൽ അസാപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളും പ്രോഗ്രാമുകളും അനുബന്ധം 1 ആയി ചേർക്കുന്നു. |
| സി) | അസാപ്പിലെ ജീവനക്കാർക്കായി ദേശീയ പെൻഷൻ പദ്ധതി (എൻ.പി.എസ്.) നടപ്പിലാക്കുവാൻ മന്ത്രിസഭാ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മന്ത്രിസഭാ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ? | സി) | 29 -03 -2017-ലെ മന്ത്രിസഭാ യോഗതീരുമാന പ്രകാരം പ്രോഗ്രാം മാനേജർമാർക്ക് കോൺട്രിബ്യൂട്ടറി പ്രൊവിഡന്റ് ഫണ്ട്/ നാഷണൽ പെൻഷൻ സ്കീം (എൻ.പി.എസ്.)ന് അർഹതയുണ്ടായിരിക്കും. എന്നാൽ സാമ്പത്തിക ബാധ്യത കാരണം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ പകർപ്പ്, മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിന്റെ പകർപ്പ് എന്നിവ അനുബന്ധം II ആയി ചേർക്കുന്നു. |

Deepak

സെക്ഷൻ ഓഫീസർ

അനുബന്ധം I

<u>ആലപ്പുഴ ജില്ലയിലെ പ്രവർത്തനങ്ങൾ:-</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ 2016 മുതൽ രണ്ട് അധ്യായന വർഷങ്ങളിലായി 4311 -ഓളം വിദ്യാർത്ഥികളാണ് അസാപ്പിന്റെ നൈപുണ്യ വികസന കോഴ്സുകളിൽ പരിശീലനം നേടിയത്. നിലവിൽ ജില്ലയിലെ 81 വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് (ഹയർ സെക്കന്ററി സ്കൂളുകളും ആർട്സ് ആന്റ് സയൻസ് കോളേജുകളും) അസാപ് പരിശീലന പദ്ധതി നടക്കുന്നത്. അസാപ്പിന്റെ തന്നെ അവധിക്കാല പരിശീലന ക്യാമ്പായ സമ്മർ സ്കിൽ സ്കൂൾ പദ്ധതിയിൻ കീഴിൽ ജില്ലയിൽ 1408-ൽ പരം കുട്ടികൾക്ക് നൈപുണ്യ പരിശീലനം ലഭിക്കുകയുണ്ടായി. ഇത് കൂടാതെ മുന്ന് അധ്യായന വർഷങ്ങളിലായി 7133-ഓളം വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷും ഐ.ടി. പരിശീലനവും അസാപ് നൽകി വരുന്നു.

ജില്ലയിൽ നൈപുണ്യ പരിശിലനത്തിനായി വ്യവസായ വകുപ്പുമായി സഹകരിച്ചു ഇൻഡസ്ട്രി മീറ്റ് 29 ആഗസ്റ്റ് 2017-ലും പബ്ലിക് ഇൻഫർമേഷൻ വകുപ്പുമായി സഹകരിച്ചു മീഡിയ മീറ്റ് 24 ജനുവരി 2018-ലും നടത്തി. തൊഴിൽ അത്യാവശ്യമായി വേണ്ടുന്ന അസാപ് പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്കായി പ്ലേസ്മെന്റ് ഗ്രൂമിംഗും പ്ലേസ്മെന്റ് പ്രോഗ്രാമും നടത്തി വരുന്നു. പംബ്ലിംഗ് പരിശീലനം സിദ്ധിച്ച വിദ്യാർത്ഥികൾ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ പ്ലംബേഴ്സ് ക്ലബ് രൂപീകരിക്കുകയും കുട്ടനാട്ടിലെ കിടങ്ങറ സ്കൂളിൽ ശൗചാലയ പ്ലംബിംഗ് വർക്കുകൾ ഏറ്റെടുത്തു നടത്തുകയും ചെയ്തു. ശുചിത്വ മിഷനുമായി ചേർന്ന് പരിസ്ഥിതി സെമിനാറുകളും വിദ്യാർത്ഥികൾക്കായി ജില്ലയിൽ സംഘടിപ്പിച്ചു. വേനൽക്കാല അവധിക്ക് വിദ്യാർത്ഥികൾക്കായി കരിയർ ഡെവലപ്മെന്റിനായി സ്മൈൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. നിലവിൽ ജില്ലാ സ്കിൽ കമ്മിറ്റി രൂപീകരിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നു.

<u>കോട്ടയം ജില്ലയിലെ പ്രവർത്തനങ്ങൾ:-</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ 7 സ്കിൽ ഡെവലപ്മെന്റ് സെന്ററിലൂടെ 2016 മുതൽ രണ്ട് അധ്യായന വർഷങ്ങളിലായി 3875 -ൽ പരം വിദ്യാർത്ഥികളാണ് അസാപ്പിന്റെ നൈപുണ്യ വികസന കോഴ്സുകളിൽ പരിശീലനം നേടിയത്. നിലവിൽ ജില്ലയിൽ 72 വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് അസാപ് പരിശീലന പദ്ധതി നടക്കുന്നത്. അസാപ്പിന്റെ തന്നെ അവധിക്കാല പരിശീലന ക്യാമ്പായ സമ്മർ സ്കിൽ സ്കൂൾ പദ്ധതിയിൻ കീഴിൽ ജില്ലയിൽ 1806-ൽ പരം കുട്ടികൾക്ക് നൈപുണ്യ പരിശീലനം ലഭിക്കുകയുണ്ടായി.

- ജില്ലയിൽ നൈപുണ്യ പരിശിലനത്തിനായി വ്യവസായ വകുപ്പുമായി സഹകരിച്ചു ഇൻഡസ്ട്രി മീറ്റ് -4 നവംബർ 2017-ൽ നടത്തി. തൊഴിൽ അത്യാവശ്യമായി വേണ്ടുന്ന അസാപ് പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്കായി പ്ലേസ്മെന്റ് ഗ്രൂമിംഗും പ്ലേസ്മെന്റ് പ്രോഗ്രാമും നടത്തി.
- വേനൽക്കാല അവധിക്ക് വിദ്യാർത്ഥികൾക്കായി കരിയർ ഡെവലപ്മെന്റിനായി "സ്മൈൽ" എന്ന പേരിൽ ക്യാമ്പ് 9 മെയ് 2017-ൽ സംഘടിപ്പിച്ചു.
- ചിൽഡ്രൻസ് ഹോമിലും മഹിളാ മന്ദിരത്തിലും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ നടന്നു വരുന്നു.
- പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി 12 ലോവർ പ്രൈമറി സ്കൂളുകളിൽ അസാപ് സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവ്സ് വക ഇംഗ്ലീഷ് ട്രെയിനിംഗ് നടത്തി.

**ഇടുക്കി ജില്ലയിലെ പ്രവർത്തനങ്ങൾ:-**

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം ഇടുക്കി ജില്ലയിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായ നൈപുണ്യ പരിശീലന പരിപാടികൾ കഴിഞ്ഞ 7 വർഷമായി വിജയകരമായി നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴിഞ്ഞ രണ്ട് അധ്യായന വർഷങ്ങളിലായി റെഗുലർ അസാപ് ബാച്ചിൽ 2966 -ൽ പരം വിദ്യാർത്ഥികളും സമ്മർ ബാച്ചിൽ 792-ൽ പരം വിദ്യാർത്ഥികളും വിജയകരമായി പരിശീലനം നടത്തി, ഇന്റേൺഷിപ്പ് പൂർത്തിയാക്കി നൈപുണ്യ സർട്ടിഫിക്കറ്റിനു അർഹരായിട്ടുണ്ട്.

അസാപ് സ്കിൽ ഡെവലപമെന്റ് സെന്ററായി പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളിലും കോളേജുകളിലും നൈപുണ്യ പരിശീലനത്തിന് ആവശ്യമായ സ്മാർട്ട് ക്ലാസ് റൂമുകളും ആധുനിക കമ്പ്യൂട്ടർ ലാബും ഒരുക്കിയിട്ടുണ്ട്. അസാപ് പരിശീലന ഭാഗമായി മൂന്നാർ എഞ്ചിനീയറിംഗ് കോളേജിലെ 28 വിദ്യാർത്ഥികൾക്കായി മദ്രാസ് ഐ.ഐ.റ്റി. യുമായി സഹകരിച്ചു ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ നൈപുണ്യ കോഴ്സ് നടത്തി വരുന്നു.

**പത്തനംതിട്ട ജില്ലയിലെ പ്രവർത്തനങ്ങൾ:-**

നൈപുണ്യ വികസനത്തിനായ് ഉന്നത വിദ്യാഭ്യസ വകുപ്പിന്റെ കിഴിൽ 2012-ൽ പത്തനംതിട്ട ജില്ലയിൽ ആരംഭിച്ച അസാപ് ഇപ്പോൾ 5 സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിലായി 53 -ഓളം സ്കൂളുകളിൽ തുടരുന്നു. 2016 മുതൽ രണ്ട് അധ്യായന വർഷങ്ങളിലായി 2260-ൽ പരം വിദ്യാർത്ഥികളാണ് അസാപ്പിന്റെ നൈപുണ്യ വികസന കോഴ്സുകളിൽ പരിശീലനം നേടിയത്. നിലവിൽ ജില്ലയിൽ 53 വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് അസാപ് പരിശീലന പദ്ധതി നടക്കുന്നത്. അസാപ്പിന്റെ തന്നെ അവധിക്കാല പരിശീലന ക്യാമ്പായ സമ്മർ സ്കിൽ സ്കൂൾ പദ്ധതിയിൻ കീഴിൽ ജില്ലയിൽ 1483-ൽ പരം കുട്ടികൾക്ക് നൈപുണ്യ പരിശീലനം ലഭിക്കുകയുണ്ടായി.

കേരള ഗവൺമെന്റിന്റെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ കീഴിലുള്ള മുൻനിര സംരംഭമാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ. ശക്തമായ ഒരു സമ്പദ്ഘടനയിലേക്ക് നയിക്കുന്ന മെച്ചപ്പെട്ട ജീവനോപാധികൾക്കായി സമൂഹത്തെ ശക്തിപ്പെടുത്തുക, ജനങ്ങളെ ശാക്തീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. രണ്ടു ഘട്ടങ്ങളിലായി കേരളത്തിലുടനീളം 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. പത്തനംതിട്ട ജില്ലയിൽ തിരുവല്ലയ്ക്ക് സമീപം കുന്നന്താനം കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ 25,000 ചതുരശ്ര അടി വിസ്തൃതിയിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് പ്രവർത്തന സജ്ജമാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം II 10

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 29-03-2017.

ഫയൽ നം.ഉ.വി.വ.-സി4/74/2016-ഉ.വി.വ. ഇനം നം: 872

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ് - ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സംരംഭമായ അഡീഷണൽ സ്കിൽ അക്വസിഷൻ പ്രോഗ്രാമിന്റെ (അസാപ്) കീഴിൽ പ്രൊജക്റ്റ് മാനേജ്മെന്റ് പൂൾ ഫോർ കേരള (Project Management Pool for Kerala) എന്ന് വിളിക്കപ്പെടുന്ന പ്രോഗ്രാം മാനേജേഴ്സിന്റെ കേഡർ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

30/3/2017.

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

0892

# കേരള സർക്കാർ

# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഉ.വി.വ-സി.4/74/2016- ഉ.വി.വ |
| 2. | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ് |
| 3. | വിഷയം | : | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സംരംഭമായ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (അസാപ്) കീഴിൽ പ്രൊജക്റ്റ് മാനേജ്മെന്റ് പൂൾ ഫോർ കേരള (Project Management Pool for Kerala) എന്ന് വിളിക്കപ്പെടുന്ന പ്രോഗ്രാം മാനേജ്മെന്റിന്റെ കേഡർ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം- സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 28-03-2017 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യത ഉള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്? | : | ശ്രീ. ജോർജ് തോമസ് .കെ അഡീഷണൽ സെക്രട്ടറി |
| 8. | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ബി.ശ്രീനിവാസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 22-03-2017 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.എസ്.എം. വിജയാനന്ദ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25-03-2017 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | പ്രൊഫ.സി.രവീന്ദ്രനാഥ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25.03.2017 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28-03-2017 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ (അസാപ്) പ്രൊജക്റ്റ് മാനേജ്മെന്റ് പൂൾ എന്ന് വിളിക്കപ്പെടുന്ന പ്രോഗ്രാം മാനേജ്മെന്റിന്റെ കേഡർ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള കുറിപ്പാണിത്.

2. സ്റ്റേറ്റ് സ്കിൽ ഡവലപ്മെന്റ് പ്രൊജക്റ്റിന്റെ (SSDP) കീഴിൽ ഉന്നത വിദ്യാഭ്യാസ വകുപ്പും പൊതു വിദ്യാഭ്യാസ വകുപ്പും കൂടി നവംബർ 2012 മുതൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു സംയുക്ത സംരംഭമാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം. സർക്കാർ /എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർഥികൾക്ക് അധിക നൈപുണ്യ പരിശീലനം ലഭ്യമാക്കുക, അതുവഴി അവരുടെ അഭിരുചിക്ക് അനുസരിച്ചുള്ള ഒരു തൊഴിൽ തെരഞ്ഞെടുക്കുവാൻ സഹായിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം.

3. ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെയും സംസ്ഥാന സർക്കാരിന്റെയും ധന സഹായത്താൽ പ്രവർത്തിക്കുന്ന അസാപ്പ് വിദ്യാർത്ഥികളിൽ ഇൻഡസ്ട്രിക്ക് വേണ്ട നൈപുണ്യം സൃഷ്ടിക്കുകയെന്നതിനാൽ 2019-20 ൽ ADB ധനസഹായം അവസാനിക്കുമ്പോഴും പദ്ധതിയുടെ പ്രാധാന്യം വർദ്ധിക്കുകയേ ഉള്ളൂ. പ്രസ്തുത ലക്ഷ്യം നേടാൻ അസാപ്പിലെ മാനവശേഷി ശക്തിപ്പെടുത്തേണ്ടതുണ്ട്. അസാപ്പിലെ സ്കിൽ പരിശീലനം കഠിനവും സുതാര്യവുമായ തിരഞ്ഞെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്രോഗ്രാം മാനേജർമാരുടെ മേൽനോട്ടത്തിലും മോണിട്ടറിംഗിലുമാണ് നടക്കുന്നത്. പരിശീലനം സ്വത്തു സംരക്ഷണം, പരിപാടികൾ സംഘടിപ്പിക്കുക, പലതരത്തിലുള്ള വ്യവസായങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ ട്രെയിനിംഗ് ബോഡീസ്, ജന പ്രതിനിധികൾ, രക്ഷിതാക്കൾ എന്നിവരുമായി നിരന്തരം ബന്ധപ്പെട്ട് വിവിധ റോളുകൾ നിർവഹിക്കുന്നു.

4. ഇത്തരുണത്തിൽ അസാപ്പിൽ ആരംഭിക്കുന്ന നിർദ്ദിഷ്ട പ്രോഗ്രാം മാനേജ്മെന്റ് കേഡർ, പെർഫോർമൻസ് അധിഷ്ഠിതമായ സമയ ബന്ധിത കരിയർ ശ്രേണി പ്രത്യേകമായി ഉയർത്തിക്കൊണ്ടുവന്ന് പ്രോഫഷണലുകൾക്ക് നൽകുക വഴി അവരെ മോട്ടിവേറ്റ് ചെയ്ത് നിലനിർത്തുന്നതും വഴി അസാപ്പിനെ ശക്തിപ്പെടുത്തുന്നതിനും കഴിയും.

5. മേൽപ്പറയപ്പെട്ട ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി അന്നത്തെ അഡീഷണൽ ചീഫ് സെക്രട്ടറി ( ഉന്നത വിദ്യാഭ്യാസം), സംസ്ഥാന ആസൂത്രണ ബോർഡിലെ അംഗവും (വിദ്യാഭ്യാസം) ഉൾപ്പെട്ട രണ്ടംഗ സമിതിയെ അസാപ്പിലെ പ്രോഗ്രാം മാനേജർമാരിൽ നിന്നും പ്രൊജക്റ്റ് മാനേജ്മെന്റ് പൂൾ സൃഷ്ടിക്കുന്നതിനും, അതിന്റെ ഘടന, യോഗ്യതകൾ, പ്രവർത്തന വിലയിരുത്തൽ, ഉദ്യോഗകയറ്റത്തിനുള്ള മാനദണ്ഡങ്ങൾ എന്നിവ നിശ്ചയിക്കുന്നതിനും രൂപീകരിക്കുകയുണ്ടായി. ഈ രണ്ടംഗ കമ്മിറ്റിയുടെ റിപ്പോർട്ട് ഉന്നതാധികാര സമിതി (Empowered Committee)യും ധന വകുപ്പും അംഗീകരിക്കപ്പെട്ടതാണ് ഇപ്രകാരം ഒരു പ്രൊപോസൽ സമർപ്പിക്കാൻ സാഹചര്യം ഒരുക്കിയത്.

6. പ്രസ്തുത നിർദ്ദേശം ബഹു. മുഖ്യമന്ത്രിക്ക് സർക്കുലേറ്റ് ചെയ്യപ്പോൾ 8.09.2016 ൽ മുഖ്യമന്ത്രി മന്ത്രിസഭയിൽ സമർപ്പിക്കുവാൻ ഉത്തരവിട്ടു. അപ്രകാരം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചപ്പോൾ കൂടുതൽ വ്യക്തതയോടെ കുറിപ്പ് സമർപ്പിക്കുവാൻ കൗൺസിൽ നിർദ്ദേശിച്ചു. അപ്രകാരം കുറിപ്പ് തയ്യാറാക്കി കൗൺസിലിന്റെ

പരിഗണനയ്ക്കായി സമർപ്പിക്കുന്നു. പ്രൊജക്റ്റ് മാനേജ്മെന്റ് പൂളിന്റെ സവിശേഷതകൾ അനുബന്ധം -1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

7. കേഡറിന്റെ നിയമന കാലാവധി പൂർണ്ണമായും കരാർ അടിസ്ഥാനത്തിലാണ്. യോഗ്യത, പരിചയം, പ്രവീണ്യം എന്നിവയുടെ അടിസ്ഥാനത്തിൽ സുതാര്യവും കഠിനവുമായ തിരഞ്ഞെടുപ്പിലൂടെ സെലെക്ട് ചെയ്യപ്പെടുന്ന പ്രോജെക്ട് മാനേജർ ട്രയിനിക്ക് മുകളിലായി പ്രോജക്ട് മാനേജ്മെന്റ് പൂളിൽ 5 തലങ്ങളായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഏറ്റവും താഴത്തെ ലെവലായ A മുതൽ ഏറ്റവും ഉയർന്ന ലെവലായ E വരെ 5 തലങ്ങൾ ഇതിലുണ്ട്. പ്രസ്തുത പ്രോഗ്രാം മാനേജർമാർക്ക് വേണ്ട നിയമന രീതിയും യോഗ്യതകളും അനുബന്ധത്തിൽ (പ്രോഗ്രാം മാനേജർസ് കേഡറിന്റെ കരട് നിർദ്ദേശം ) 7 മുതൽ 10 വരെ പുറങ്ങളിൽ കാണാവുന്നതാണ്. എൻട്രി കേഡർ തസ്തികകൾ പൊതു അറിയിപ്പിലൂടെ നേരിട്ട് സെലെക്റ്റ് ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികൾ മുഖേനയായിരിക്കും നികത്തപ്പെടുന്നത്. ഉയർന്ന ലെവലിലേക്കുള്ള സ്ഥാനക്കയറ്റത്തിനു പ്രോഗ്രാം മാനേജർമാരുടെ ജോലിയിലെ പെർഫോർമൻസ് റേറ്റിംഗ്, കരാർ കാലാവധിയിൽ പൂർത്തീകരിച്ചിട്ടുള്ള വർഷങ്ങൾ , ഹാജർ, പരിശീലന പരിപാടിയുടെ വിജയകരമായ പൂർത്തീകരണം എന്നിവ പരിഗണിക്കപ്പെടുന്നതാണ്. ഗ്രേഡ് 'സി' ലെവൽ മുതൽ ഒഴിവുകളുടെ 50 ശതമാനം ലാറ്ററൽ എൻട്രി വഴി നികത്തുന്നതാണ്.

8. എൻട്രി ലെവലിൽ പ്രവേശിക്കുന്ന ഒരു പ്രോഗ്രാം മാനേജരുടെ പ്രതിമാസ കൺസോളിഡേറ്റഡ് ശമ്പളം 25,000/- രൂപ ആയിരിക്കും. ഹയർ ലെവൽ പ്രോഗ്രാം മാനേജർമാർക്ക് വേണ്ടി മുൻ വർഷത്തെ കൺസോളിഡേറ്റഡ് ശമ്പളത്തിന്റെ കൂടെ ഓരോ വർഷാവസാനവും 10% ഇൻക്രിമെന്റും 10% ഗ്രേഡ് പ്രോഗ്രഷൻ ബനിഫിറ്റും കൂടി ചേർത്തിട്ട് അടിസ്ഥാന ശമ്പളം നിജപ്പെടുത്തുന്നതായിരിക്കും. ശമ്പളത്തിന്റെ വിശദ വിവരം അനുബന്ധത്തിന്റെ 11-ാം പേജിൽ കൊടുത്തിരിക്കുന്നു.

9. ' എ' ഗ്രേഡിലും അതിന് മുകളിലുമുള്ള പ്രോഗ്രാം മാനേജർമാർക്ക് പ്രമോഷൻസ് ഇൻസന്റീവ് ആയി വാർഷിക ഇൻക്രിമെന്റ് നൽകുന്നതായിരിക്കും. വ്യത്യസ്ഥ നിലവാരത്തിലുള്ള റേറ്റിംഗ് അനുസരിച്ചുള്ള നിർദിഷ്ട ഇൻസന്റീവിന്റെ റേറ്റിംഗ് അനുബന്ധത്തിന്റെ 12-ാം പേജിൽ കൊടുത്തിരിക്കുന്നു.

10. പ്രോഗ്രാം മാനേജർമാർ കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട്/ നാഷണൽ പെൻഷൻ സ്കീം (എൻ .പി.എസ്.) ഹൗസ് റെന്റ് അലവൻസ്, ട്രാവൽ അലവൻസ്, ലീവ്, ഹോസ്പിറ്റലൈസേഷൻ ഇൻഷുറൻസ്, ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി എന്നിവയ്ക്ക് അർഹതയുണ്ടയിരിക്കും. പ്രോഗ്രാം മാനേജർമാർക്ക് ബാധകമായ എച്ച്.ആർ. പോളിസി, ബനിഫിറ്റുകൾ,അലവൻസുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധത്തിന്റെ 12 മുതൽ 22 വരെയുള്ള പ്രൊജക്റ്റ് മാനേജ്മെന്റ് പൂളിന്റെ കരട് നിർദ്ദേശത്തിൽ കാണാവുന്നതാണ്.

11.നിലവിലുള്ള പ്രോഗ്രാം മാനേജർ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പൂളിലേക്ക് മാറ്റപ്പെടുന്നത് അവർ ഇതുവരെ അസാപ്പിൽ ജോലി ചെയ്ത വർഷങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും. അസാപ്പിൽ ആദ്യമായി പ്രോഗ്രാം മനേജരായി പ്രവേശിച്ച വൊക്കേഷണൽ ഹയർസെക്കൻഡറിയിൽ നിന്ന് ഡപ്യൂട്ടേഷനിലും വർക്കിംഗ് അറേൻജ്മെന്റിലും തുടരുന്ന ഉദ്യോഗസ്ഥരെ അവരുടെ പ്രസ്തുത വകുപ്പിലെ പരിചയം കണക്കിലെടുത്ത് ഒരു തലം കൂടിയായിരിക്കും പരിഗണിക്കുക. പ്രസ്തുത

നിർദ്ദേശം അംഗീകരിക്കപ്പെടുകയാണെങ്കിൽ നിലവിലുള്ള പ്രോഗ്രാം മാനേജർമാർ പുതിയ ഘടനയിൽ താഴെപ്പറയും വിധമായിരിക്കും.

| Sl.No | അസാപ്പിലെ സർവീസ് കാലാവധി | നിർദ്ദിഷ്ടഘടനയിൽ നിലവിലുള്ള പ്രോഗ്രാം മാനേജർമാരുടെ ഉദ്യോഗപ്പേരും അവരുടെ എണ്ണവും |
|---|---|---|
| 1 | ഒരു വർഷത്തിൽ കുറവ് | പ്രോഗ്രാം മാനേജർ ട്രയിനി (46) |
| 2 | 1 മുതൽ 3 വർഷം | പ്രോഗ്രാം മാനേജർ ഗ്രേഡ് A (104) |
| 3 | 3 മുതൽ 6 വർഷം | പ്രോഗ്രാം മാനേജർ ഗ്രേഡ് B (31) |
| 4 | 6 മുതൽ 9 വർഷം | പ്രോഗ്രാം മാനേജർ ഗ്രേഡ് C (15) |
| 5 | 9 മുതൽ 12 വർഷം | പ്രോഗ്രാം മാനേജർ ഗ്രേഡ് D (ഗ്രേഡ് ഇല്ല) |
| 6 | 12 മുതൽ 15 വർഷം | പ്രോഗ്രാം മാനേജർ ഗ്രേഡ് E (ഗ്രേഡ് ഇല്ല) |

ഡപ്യൂട്ടേഷൻ/ വർക്കിംഗ് അറെഞ്ച്മെന്റിലെ വി.എച്ച്.എസ്.സിയിൽ നിന്നുള്ള പ്രോഗ്രാം മാനേജർമാരെ അസാപ്പിലെ മൂന്നു വർഷത്തിനു ശേഷം അവരുടെ വി.എച്ച്.എസ്.സിയിലെ പരിചയം കണക്കിലെടുത്ത് ഗ്രേഡ് 3-ൽ ഉൾപ്പെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള 15 പ്രോഗ്രാം മാനേജർമാർ സീരിയൽ നമ്പർ 4-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

12. പുതുതായി റിക്രൂട്ട് ചെയ്യുന്ന പ്രോഗ്രാം മാനേജർമാരെ പ്രോഗ്രാം മാനേജർ ട്രെയിനിയായി ഉൾപ്പെടുത്താവുന്നതാണ്.

13. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പിന്റെ അഭിപ്രായം താഴെ കാണാവുന്നതുമാണ്.

"As AD has reported that sufficient amounts are earmarked for project implementation and monitoring, and funds will be available, Finance agrees with the details of financial commitment for placing the existing Programme Managers as see in reference 4 of AD file".

## തീരുമാനിക്കേണ്ട വിഷയങ്ങൾ

1. പ്രോഗ്രാം മാനേജർമാർക്ക് പ്രവർത്തനക്ഷമതയുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായ തൊഴിൽ ഉയർച്ച നൽകി അസാപ്പിൽ കരാർ അടിസ്ഥാനത്തിൽ പ്രൊജക്റ്റ് മാനേജ്മെന്റ് പൂൾ സൃഷ്ടിക്കാമോ?
2. പ്രൊജക്റ്റ് മാനേജ്മെന്റ് പൂൾ അനുബന്ധം -1-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം അംഗീകരിക്കാമോ?

Deepak

സെക്ഷൻ ഓഫീസർ